## പത്രക്കുറിപ്പ്

# കെ.എഫ്.സി.യുടെ 2009-10 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളുടെ ഒരവലോകനം

കേരളസംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്ക് കഴിഞ്ഞ അൻപത് വർഷത്തിലേറെയായി സമഗ്രസംഭാവന നൽകിക്കൊണ്ടിരിക്കുന്ന പ്രമുഖ ധനകാര്യ സ്ഥാപനമാണ് കെ.എഫ്.സി. കേരളത്തിലെ നാല്പതിനായിരത്തോളം ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്കായി 4300 കോടി രൂപയിലേറെ വായ്പ അനുവദിച്ച അഭിമാനകരമായ പാരമ്പര്യമാണ് ഈ സ്ഥാപനത്തിനുള്ളത്. ധനകാര്യസ്ഥാപനങ്ങൾ, ബാങ്കുകൾ മുതലായവയുടെ മൂലധനശേഷി (ക്യാപിറ്റൽ അഡികൃസി)യുടെ തോത് ചുരുങ്ങിയത് 9%-മായെങ്കിലും കാത്തുസൂക്ഷിക്കണമെന്നാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്നത്. ഈ സ്ഥാനത്ത് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ ക്യാപ്പിറ്റൽ അഡികൃസി റേഷ്യോ, 2009-10 അവസാനിച്ച വർഷത്തിൽ, 27.88% ആണ്. കോർപ്പറേഷന്റെ ശക്തമായ സാമ്പത്തിക അടിത്തറയെയാണ് ഇത് സൂചിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ പുരോഗതിക്ക് കെ.എഫ്.സി. വഹിക്കുന്ന പങ്ക് കേരളസർക്കാർ, ചെറുകിട വ്യവസായബാങ്ക്, മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുതലായവ പരക്കെ അംഗീകരിച്ചിട്ടുള്ള വസ്തുതയാണ്. പുതുവ്യവസായ സംരംഭകർക്ക് സാമ്പത്തികസഹായം നൽകുന്ന കാര്യത്തിൽ എന്നും മുൻപന്തിയിൽ നിൽക്കുന്നതാണ് ഈ സ്ഥാപനം. ഉദാരമായതും സുതാര്യതയുള്ളതുമായ പ്രവർത്തന ശൈലിയാണ് കെ.എഫ്.സി.യുടെ മുഖമുദ്ര. വായ്പ തിരിച്ചടവിന് ദീർഘമായ കാലയളവ്, ഏറ്റവും ആകർഷകമായ വ്യവസ്ഥകൾ, കുറഞ്ഞ പരിശനിരക്ക് മുതലായവ മറ്റു ഏത് ധനകാര്യസ്ഥാപനത്തെക്കാളും ആകർഷകമായി കാത്തുസൂക്ഷിക്കാൻ കെ.എഫ്.സി. യ്ക്ക് കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തികവർഷം 2009-10 -ൽ കോർപ്പറേഷന്, അതിന്റെ എല്ലാ പ്രവർത്തന മേഖലകളിലും മുൻപെങ്ങുമില്ലാത്ത വിധത്തിലുള്ള പുരോഗതി കൈവരിക്കാനും സാമ്പത്തിക അടിത്തറ കൂടുതൽ മെച്ചപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ കോർപ്പറേഷൻ, അതിന്റെ എല്ലാ പ്രവർത്തനമേഖലകളിലും വൻകുതിച്ചുചാട്ടമാണ് നടത്തിയിട്ടുള്ളത്. കഴിഞ്ഞ നാലുവർഷത്തെ പ്രവർത്തനനേട്ടം വ്യക്തമാക്കുന്ന ഒരു പട്ടിക ചുവടെ കൊടുക്കുന്നു.

**(രൂപ ലക്ഷത്തിൽ)**

| സാമ്പത്തിക വർഷം | 2009 - 10 | 2008 - 09 | 2007 - 08 | 2006 - 07 |
|---|---|---|---|---|
| അനുവദിച്ച വായ്പ | 61593 | 37314 | 24555 | 13583 |
| വിതരണം ചെയ്തത് | 41953 | 29339 | 18643 | 9725 |
| Business Portfolio | 88837 | 65001 | 65321 | 64169 |
| തിരിച്ചടവ് | 29957 | 26925 | 22181 | 19907 |
| വരുമാനം (മൊത്തത്തിൽ) | 15795 | 10926 | 8833 | 8960 |
| ചെലവ് (മൊത്തത്തിൽ) | 7322 | 6798 | 6571 | 5993 |
| അറ്റാദായം | 3372 | 1170 | (2815)* | 44 |
| ക്യാപ്പിറ്റൽ അഡികൃസി റേഷ്യോ | 27.88 | 36.35 | 15.95 | 20.35 |
| നിഷ്ക്രിയ ആസ്തി (%) | 2.41 | 13.22 | 28.68 | 48.52 |
| ലാഭവിഹിതം (%) | 4.00 | - | - | - |

* നാല്പത്തിയാറു കോടി രൂപ എഴുതി തള്ളുകയും നിഷ്ക്രിയ ആസ്തിക്ക് എതിരായി വിലയിരുത്തുകയും ചെയ്തതിന്റെ ഫലമായി.

2008-09 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ വായ്പ അനുവദിക്കുന്ന കാര്യത്തിൽ 65% വളർച്ചയാണ് രേഖപ്പെടുത്തുന്നത്. കഴിഞ്ഞ വർഷം 37,314 ലക്ഷം രൂപ വായ്പ അനുവദിച്ച സ്ഥാനത്ത് 2009-10 കാലയളവിൽ അനുവദിച്ചത് 61,593 ലക്ഷം രൂപയാണ്. അവസാന നാലുവർഷങ്ങളിലെ കണക്കുകൾ താരതമ്യം ചെയ്യുകയാണെങ്കിൽ 409% വളർച്ചയാണ് രേഖപ്പെടുത്തുന്നത്.

അനുവദിച്ച വായ്പകൾ വിതരണം ചെയ്യുന്ന കാര്യത്തിലും 43% വർദ്ധനവ് 2008-09 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നേടാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ നാലുവർഷത്തെ കണക്കുകൾ താരതമ്യം ചെയ്താൽ 2009-10-ൽ 432% വർദ്ധന വായ്പ വിതരണം ചെയ്യുന്ന കാര്യത്തിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2009-10 വർഷം നൽകിയ വായ്പയുടെ ഫലമായി 1,02,500 ലക്ഷം രൂപയുടെ മുതൽമുടക്ക് സാദ്ധ്യമാക്കാനും അതുവഴി കുറഞ്ഞത് പതിനയ്യായിരം പേർക്കെങ്കിലും തൊഴിൽ ലഭിക്കാനും ഇടയായിട്ടുണ്ട്. രാജ്യത്തെ ബാങ്കിംഗ് മേഖലകളിലെ ഏതൊരു സ്ഥാപനത്തോടും കിടപിടിക്കത്തക്ക വിധത്തിൽ നിഷ്ക്രിയ ആസ്തിയുടെ തോത് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ നിഷ്ക്രിയ ആസ്തി കേവലം 2.41% മാത്രമാണ്.

2009-10 വർഷം 33.72 കോടി രൂപയുടെ ലാഭമാണ് കോർപ്പറേഷൻ കൈവരിച്ചത്. കെ.എഫ്.സി.യുടെ ചരിത്രത്തിലാദ്യമായി 7.91 കോടി രൂപയാണ് ഗവൺമെന്റിന് ലാഭവിഹിതമായി നൽകുന്നത്.

നൂതന വായ്പാപദ്ധതികളായ പ്രവാസി മലയാളികൾക്കായി 7% നിരക്കിൽ വായ്പ കൊടുക്കുന്ന പദ്ധതി, മൈക്രോഫിനാൻസ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുള്ള വായ്പ, ഊർജ്ജസംരക്ഷണ പദ്ധതികൾക്കായി ആകർഷക പലിശനിരക്കിൽ വായ്പ, വസ്തു ജാമ്യം തരാൻ കഴിയാത്തവർക്കായി ക്രെഡിറ്റ് ഗ്യാരന്റി സ്കീമിൻ കീഴിലുള്ള വായ്പ, വനിതാവ്യവസായ സംരംഭകർക്കായി കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്ന പദ്ധതി തുടങ്ങിയവ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. ഭക്ഷ്യസംസ്കരണ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഭക്ഷ്യമന്ത്രാലയത്തിന്റെയും സിഡ്ബിയുടെയും സഹകരണത്തോടെ കെ.എഫ്.സി. നടപ്പിലാക്കി വരുന്നു. തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങിവരുന്ന പ്രവാസി മലയാളികൾക്ക് 71 സംരംഭങ്ങൾക്കായി 600 ലക്ഷത്തോളം രൂപ വായ്പ നൽകുവാൻ സാധിച്ചു. അതുപോലെ മൈക്രോഫിനാൻസ് പദ്ധതിയിലേക്ക് കെ.എഫ്.സി. നടത്തിയ കാൽവയ്പ് സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്ക് വായ്പ ലഭിക്കുന്നതിന് ഒട്ടൊന്നുമല്ല സഹായിച്ചിട്ടുള്ളത്.

വ്യവസായ സംരംഭകരുടേതല്ലാത്ത കാരണങ്ങളാൽ അവരുടെ ഉദ്യമം പരാജയപ്പെടുന്ന അവസരങ്ങളിൽ, അവർക്ക് തണലേകാനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്. 2009-10 സാമ്പത്തികവർഷം, ഏകദേശം 160 അക്കൗണ്ടുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കുക വഴി കെ.എഫ്.സി. ത്യജിച്ചത് ഏകദേശം 4541 ലക്ഷം രൂപയാണ്. ഈയിനത്തിൽ ലഭിച്ച തിരിച്ചടവ് 3754 ലക്ഷം രൂപയാണ്.

ഇവ കൂടാതെ മ്യൂച്വൽ ഫണ്ടുകളുടെ വിതരണം, ഇൻഷ്വറൻസ് കമ്പനികളുടെ കോർപ്പറേറ്റ് ഏജന്റായി പ്രവർത്തിക്കൽ എന്നീ മേഖലകളിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിച്ചു. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി സംരംഭ സമ്പർക്കപരിപാടികൾ നടത്തുന്നുണ്ട്.

ബാങ്കുകൾ, മറ്റു ധനകാര്യസ്ഥാപനങ്ങൾ തുടങ്ങിയവയോട് കിടപിടിക്കത്തക്ക വണ്ണം കെ.എഫ്.സി.യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കി വരുന്നു. കേന്ദ്രീകൃതമായ പ്രവർത്തനങ്ങൾ ഇടപാടുകാർക്കുണ്ടാക്കാവുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ജീവനക്കാരുടെ പുനഃസംഘടന നടപ്പിലാക്കുകയും കൂടുതൽ അധികാരങ്ങൾ മേഖലാ/ബ്രാഞ്ച് തലത്തിൽ നല്കുകയും ചെയ്ത് ഇടപാടുകാർക്കുള്ള സേവനം സത്വരമാക്കി.

ചെറുകിട ഇടത്തരം സംരംഭകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി കെ.എഫ്.സി.യുടെ കൺസൽട്ടൻസി ഡിവിഷൻ ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. 2010-11 സാമ്പത്തികവർഷം 1000 കോടി രൂപ വായ്പാ വിതരണമാണ് കെ.എഫ്.സി. ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യത്തോടെ 200 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കാനുള്ള പദ്ധതിയുമുണ്ട്.

**മാനേജിംഗ് ഡയറക്ടർ ഇൻ-ചാർജ്**

Tp4/KFC-2009-10FY